F.Y.
March 2015

Re

Nam

**102**

II

# മലയാളം (Malayalam)

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന്തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. വലയത്തിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

   1. ''നീയും ഞാനും എന്നുള്ള യാഥാർത്ഥ്യത്തിൽനിന്ന്, അവസാനം നീ മാത്രമായി അവശേഷിക്കുവാൻ പോകയാണ്'' പ്രസിദ്ധമായ ഒരു കഥയിലെ ആദ്യ വാചകമാണിത്. ഏതാണ് ആ കഥ?
   (ഓർമ്മയുടെ ഞരമ്പ്, ശസ്ത്രക്രിയ, അനർഘനിമിഷം, ഭൂമിയുടെ അവകാശികൾ)

   2. നീലക്കുയിൽ എന്ന സിനിമയുടെ തിരക്കഥ രചിച്ചത് ..................... ആണ്.
   (പി. ഭാസ്കരൻ, വൈക്കം മുഹമ്മദ് ബഷീർ, ഉറൂബ്, കെ. രാഘവൻ)

   3. അറബിമലയാള സാഹിത്യത്തിലെ പ്രഥമകൃതിയായി അറിയപ്പെടുന്നത് ഏത്?
   (ബദർ പടപ്പാട്ട്, കപ്പപ്പാട്ട്, മുഹ്‌യിദ്ദീൻമാല, ബദറുൽമുനീർ ഹുസുനുൽജമാൽ)

   4. വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധമൂല്യം അറിയുന്ന മൂപ്പനായിരുന്നു അടച്ചിൽതൊട്ടി മുതുവക്കുടിയിലെ കാണിക്കാരൻ ......................... .
   (അരുണാചലം, മുത്തയ്യ, ചെമ്പൻ, കുമാരൻ) **(4 × 1 = 4)**

2. കൂട്ടത്തിൽപ്പെടാത്തതേത്?

1. അഗ്നിസാക്ഷി, ഗോസായിപറഞ്ഞകഥ, തേൻതുള്ളികൾ, നീലവെളിച്ചം

2. പാക്കിയം, അറിവാളൻ, കോർവ, ഓശ

3. വൈലോപ്പിള്ളി, പി. കുഞ്ഞിരാമൻ നായർ, ആറ്റൂർ രവിവർമ്മ, വൈക്കം മുഹമ്മദ്ബഷീർ

4. വലക്കണ്ണി, ചൂണ്ടക്കൊളുത്ത്, വായ്ത്തല, മണൽത്തരി (4 × 1 = 4)

3. ചേരുംപടി ചേർക്കുക:

| | | | |
|---|---|---|---|
| 1. | മരുഭൂമികൾ പൂക്കുമ്പോൾ | - | വൈലോപ്പിള്ളി |
| 2. | കൈപ്പാട് | - | ആറ്റൂർ രവിവർമ്മ |
| 3. | സംക്രമണം | - | എം. എൻ വിജയൻ |
| 4. | ഊഞ്ഞാലിൽ | - | ബാബു കാമ്പ്രത്ത് |

(4 × 1 = 4)

4. ശരിയോ തെറ്റോ എന്നെഴുതുക.

1. ബൈസിക്കിൾ തീവ്സ് എന്ന ചിത്രത്തിലെ പ്രധാന കഥാപാത്രമാണ് ആൾക്കൂട്ടം.

2. വൈദ്യർ എന്ന വാക്കിലെ 'അർ' ലിംഗപ്രത്യയമാണ്. (2 × 1 = 2)

5. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക:

1. പ്രണയത്തിന്റെ ആഹ്ലാദവും ഉന്മേഷവും ബാലചന്ദ്രൻ ചുള്ളിക്കാട് 'സന്ദർശനം' എന്ന കവിതയിലൂടെ പ്രത്യക്ഷമാക്കുന്നതെങ്ങനെ?

2. 'ആകാശത്തോളമുയരണമെങ്കിൽ ബലിഷ്ഠമായ വേരുകൾ വേണം' – ഈ അഭിപ്രായത്തിന്റെ ഔചിത്യമെന്തെന്ന് വിശദമാക്കുക.

3. ''അരുളില്ലയെങ്കിലസ്ഥിതോൽസിര നാറുന്നൊരുടമ്പുതാനവൻ
മരുവിൽ പ്രവഹിക്കുമമ്പുവപ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം''– മനുഷ്യനേയും അരുൾ എന്ന ആശയത്തേയും ശ്രീനാരായണഗുരു പരസ്പരം ബന്ധിപ്പിക്കുന്നതെങ്ങനെ എന്ന് പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

4. പദക്കസർത്തുമാത്രം കവിതയായിക്കൂടാ എന്ന എം.എൻ വിജയന്റെ നിലപാടിനോട് നിങ്ങൾ യോജിക്കുന്നുവോ? വ്യക്തമാക്കുക. **(4 × 3 = 12)**

**6.** അരപ്പുറത്തിൽ ഉത്തരം എഴുതുക:

1. ''മയങ്ങാറുണ്ടാവില്ലവളോളംവൈകിയൊരു നക്ഷത്രവും,
ഒരൊറ്റ സൂര്യനുമവളേക്കാൾ നേർത്തെ പിടഞ്ഞെണീറ്റീലാ.'' –ഈ വരികളിൽ തെളിയുന്ന സ്ത്രീകളുടെ സാമൂഹികാവസ്ഥ വിവരിക്കുക.

2. ''ആറ്റിലും തീയിലും വീഴാതെ കണ്ടെന്നെപ്പോറ്റിവളർത്തതു നിങ്ങളല്ലോ.
ഇങ്ങനെയുള്ള ഞാനെന്നെ മറക്കിലും നിങ്ങളേയെന്നും മറക്കയില്ലേ''– അച്ഛനമ്മമാരുടെ സ്നേഹവായ്പ്പും കരുതലും തിരിച്ചറിയുന്ന മകന്റെ വാക്കുകളാണിത്. സമകാലീന സാമൂഹികാവസ്ഥയുമായി ബന്ധപ്പെടുത്തി ഈ വരികളുടെ പ്രസക്തി വിലയിരുത്തുക.

3. സൈക്കിൾ മോഷ്ടിക്കപ്പെട്ട അന്റോണിയോ റിച്ചി എന്ന ഹതഭാഗ്യനായ ഒരു വ്യക്തിയുടെ മാത്രം കഥയല്ല 'സൈക്കിൾ മോഷ്ടാക്കൾ' – ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുവോ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

4. 'പരസ്യങ്ങൾ നമ്മുടെ രുചികളേയും അഭിരുചികളേയും നിയന്ത്രിക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു' – ഈ അഭിപ്രായത്തോട് പ്രതികരിച്ചുകൊണ്ട് പരസ്യചിത്രങ്ങളിലെ ഭാഷയും ദൃശ്യങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

5. ''കെ.ആർ മീരയുടെ 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ പെൺകുട്ടി പുരുഷാധിപത്യത്തിനെതിരായ മനോഭാവമാണ് പ്രകടിപ്പിക്കുന്നത്'' – ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന രണ്ടു സന്ദർഭങ്ങൾ കഥയിൽ നിന്ന് കണ്ടെത്തി എഴുതുക.

6. കൈപ്പാട്, കേൾക്കുന്നുണ്ടോ എന്നീ ഹ്രസ്വചിത്രങ്ങൾ നൽകുന്ന സന്ദേശം താരതമ്യം ചെയ്യുക. **(6 × 5 = 30)**

**7.** ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക.

1. 'ഒരേസമയം തന്നെ സ്വാതന്ത്ര്യമോഹത്തിന്റേയും അതിജീവനത്തിന്റേയും ആശങ്കയുടേയും കവിതയായി മത്സ്യം നിലകൊള്ളുന്നു' – പ്രസ്താവനയെ വിശകലനം ചെയ്ത് മത്സ്യം എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് എഴുതുക.

**അല്ലെങ്കിൽ**

'തന്റെ മകനെ തട്ടിയെടുത്ത പൂതത്തിനു സ്വന്തം കണ്ണുകൾ ചൂഴ്ന്നെടുത്ത് സമർപ്പിച്ച് ഇതിലും വലിയതാണെന്റെ പൊന്നോമന എന്ന് ഉൾക്കൂറോടെ പറഞ്ഞ ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ അമ്മയെ നമുക്കു മറക്കാനാവില്ല. പുത്രസ്നേഹത്തിന്റെ മറ്റൊരു വിതാനമാണ് കെ.പി രാമനുണ്ണിയുടെ ശസ്ത്രക്രിയ ആവിഷ്കരിക്കുന്നത്' – വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

2. ദാമ്പത്യജീവിതത്തിലെ ഭദ്രതയും പൊരുത്തവും ദൃഢതയും ലയവും ഊട്ടി ഉറപ്പിക്കുകയാണ് ഊഞ്ഞാലിൽ എന്ന കവിത – ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

''വിജയിയായ അഭിമന്യുവിനെപ്പോലെ ആ ബാലൻ നിൽക്കുകയായിരുന്നു.'' ''ഒരേസമയത്ത് കരയുകയും ചിരിക്കുകയും ചെയ്യുന്ന ഭാരതമാതാവിനെപ്പോലെ ഉജ്ജ്വലയും ഗംഭീരവദനയുമായിരുന്നു ആ യുവതി'' ഇത്തരം സാദൃശ്യകല്പനകൾ 'അഗ്നിസാക്ഷി' യുടെ ആഖ്യാനത്തെ സവിശേഷമാക്കുന്നതെങ്ങനെ – വിലയിരുത്തുക.

3. 'ജനപ്രിയസിനിമകൾ അവലംബിക്കുന്ന നാടോടിക്കഥാഘടനകളുടെയും ആദിപ്രരൂപങ്ങളുടെയും പ്രത്യക്ഷ സാന്നിധ്യമാണ് പ്രേക്ഷകരെ അവയിലേക്ക് ആകർഷിക്കുന്നത്'. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

**അല്ലെങ്കിൽ**

''ഇന്ത്യൻ സംഗീതം പൊതുവേ മനസ്സിനെയാണ് ഇളക്കിയിരുന്നത്. പാശ്ചാത്യ സിനിമ ശരീരത്തേയും. പാശ്ചാത്യ താളം ആധിപത്യമുറപ്പിച്ചതോടെ നമ്മുടെ ഗാനങ്ങൾ ശരീരത്തെ ഇളക്കുന്നതായി. ഹൃദയത്തിലേക്കെത്താതെ അവ ശരീരത്തെ താളം കൊണ്ട് തുള്ളിച്ചു.''
ഇപ്പോഴത്തെ ചലച്ചിത്ര ഗാനങ്ങളെക്കുറിച്ചുള്ള ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക. **(3 × 8 = 24)**